# അലകൾ

ദ്വൈവാരിക

(കേരള സ്വതന്ത്ര മത്സ്യത്തൊഴിലാളി ഫെഡറേഷന്റെ മുഖപത്രം)

പുസ്തകം 4 ലക്കം 2 ❖ തിരുവനന്തപുരം ❖ 2011 നവംബർ 16–30 www.alakal.net വില 2 രൂപ


**അലകൾ പ്രത്യേക പതിപ്പ്**

നാഷണൽ ഫിഷ്‌വർക്കേഴ്‌സ് ഫോറം ദേശീയ സമ്മേളനത്തോടനുബന്ധിച്ച് അലകളുടെ ഒരു പ്രത്യേക പതിപ്പ് പുറത്തിറക്കുന്നു. മലയാളത്തിലും ഇംഗ്ലീഷിലുമുള്ള ലേഖനങ്ങൾ ഉൾപ്പെടുത്തി കൊണ്ടുള്ള അലകളുടെ പ്രത്യേക പതിപ്പ് ഡിസംബർ 7 ന് ബഹു. കേരള നിയമസഭാ സ്പീക്കർ ജി. കാർത്തികേയൻ പ്രകാശന കർമ്മം നിർവ്വഹിക്കുന്നതാണ്.

എഡിറ്റർ, അലകൾ

# നാഷണൽ ഫിഷ്‌വർക്കേഴ്‌സ് ഫോറം ദേശീയ സമ്മേളനം 2011 ഡിസംബർ 6 മുതൽ 9 വരെ തിരുവനന്തപുരത്ത്

തിരുവനന്തപുരം: കേരള സ്വതന്ത്ര മത്സ്യത്തൊഴിലാളി ഫെഡറേഷൻ അംഗമായിരിക്കുന്ന നാഷണൽ ഫിഷ്‌വർക്കേഴ്‌സ് ഫോറത്തിന്റെ ദേശീയ സമ്മേളനം 2011 ഡിസംബർ 6 മുതൽ 9 വരെ തിരുവനന്തപുരത്ത് ഹസ്സൻമരയ്ക്കാർ ഹാളിൽ (ഏ.കെ.ജി. സെന്ററിന് സമീപം) ചേരുന്നു. ഒൻപത് തീരദേശ സംസ്ഥാനങ്ങളിലും പോണ്ടിച്ചേരിയിലും രാജ്യത്തെ ഉൾനാടൻ മേഖലകളിലും പണിയെടുക്കുന്ന മത്സ്യത്തൊഴിലാളി സംഘടനാ പ്രതിനിധികൾ സമ്മേളനത്തിൽ പങ്കെടുക്കുന്നു.

**ഡിസംബർ 6:** വൈകുന്നേരം 4 മണിക്ക് കെ. വി.റാഫേൽ നഗറിൽ (ഹസ്സൻമരയ്ക്കാർ ഹാൾ)ഫിഷറീസ് എക്സിബിഷനും ഫോട്ടോ പ്രദർശനവും തിരുവനന്തപുരം കോർപ്പറേഷൻ മേയർ ശ്രീമതി കെ.ചന്ദ്രിക ഉത്ഘാടനം ചെയ്യുന്നു. ഡിസംബർ 9 വരെ എക്സിബിഷൻ തുടരുന്നതാണ്.

**ഡിസംബർ 7:** രാവിലെ 9.30 ന് ഹരേകൃഷ്ണ ദേബ്നാഥ് നഗറിൽ (ഹസ്സൻ മരയ്ക്കാർ ഹാൾ) ദേശീയ സമ്മേളനം ബഹുമാനപ്പെട്ട കേരള നിയമസഭാ സ്പീക്കർ ജി. കാർത്തികേയൻ ഉത്ഘാടനം ചെയ്യും. രാവിലെ 11 മണിമുതൽ വൈകുന്നേരം 3.30 മണി വരെയുള്ള ഫിഷറീസ് സെമിനാറിൽ ശ്രീമതി ചന്ദ്രിക ശർമ്മ, വി. വിവേകാനന്ദൻ എന്നിവർ പ്രബന്ധങ്ങൾ അവതരിപ്പിക്കും. വൈകുന്നേരം 4 മണിമുതൽ വൈകുന്നേരം 6 മണി വരെയുള്ള സുഹൃത്ത് സമ്മേളനത്തിൽ വിവിധ ജനകീയ പ്രസ്ഥാനങ്ങളുടെ പ്രതിനിധികളും, എൻ.എഫ്.എഫ് അനുഭാവികളും പങ്കെടുക്കും. വൈകുന്നേരം 6.30 മുതൽ 8 മണിവരെ എസ്. ലോറൻസ് നഗറിൽ (ഹസ്സൻ മരയ്ക്കാർ ഹാൾ) ഡോക്യുമെന്ററി ഫിലിം പ്രദർശനം.

**ഡിസംബർ 8:** രാവിലെ 9 മണിക്ക് എസ്. ലോറൻസ് നഗറിൽ (ഹസ്സൻ മരയ്ക്കാർ ഹാൾ) പ്രതിനിധി സമ്മേളനം മന്ത്രി വി.എസ്. ശിവകുമാർ ഉത്ഘാടനം ചെയ്യും. രാവിലെ 10 മണി മുതൽ വൈകുന്നേരം 6 മണിവരെ ദേശീയ- സംസ്ഥാനതല പ്രവർത്തന റിപ്പോർട്ട് അവതരണവും ചർച്ചയും. വൈകുന്നേരം 6.30 മുതൽ 8 മണിവരെ ഡോക്യുമെന്ററി ഫിലിം പ്രദർശനം.

**ഡിസംബർ 9 :** രാവിലെ 9 മണിമുതൽ വൈകുന്നേരം 3.30 വരെ ഡിമാന്റ് രൂപീകരണം, പ്രമേയങ്ങൾ, ഭാവികർമ്മപരിപാടികൾ. വൈകുന്നേരം 4 ന് എസ്. ജോസഫ് നഗറിൽ (പാളയം രക്തസാക്ഷി മണ്ഡപം) നിന്നും ഘോഷയാത്രയും റാലിയും ആരംഭിച്ച്, കിഴക്കേക്കോട്ടയിൽ സമാപിക്കും. തുടർന്ന് എം. അൽഫോൻസ് നഗറിൽ (ഗാന്ധിപാർക്കിൽ) നടക്കുന്ന സമാപന സമ്മേളനത്തിൽ ബിഷപ്പ് ഡോ. സൂസപാക്യം, എം. പി.-എം.എൽ.എ. മാർ, എൻ.എഫ്.എഫ്. നേതാക്കൾ തുടങ്ങിയവർ അഭിസംബോധന ചെയ്യും. ഏവരെയും ദേശീയ സമ്മേളന നഗരിലേക്ക് സ്വാഗതം ചെയ്യുന്നു.

**അഭിവാദനങ്ങളോടെ,**

**മത്താനി സൽദാന** (ചെയർപേഴ്സൺ, നാഷണൽ ഫിഷ്‌വർക്കേഴ്‌സ് ഫോറം)
**ആർ.കെ. പാട്ടീൽ** (ജനറൽ സെക്രട്ടറി, നാഷണൽ ഫിഷ്‌വർക്കേഴ്‌സ് ഫോറം)
**ടി. പീറ്റർ** (സംസ്ഥാന പ്രസിഡന്റ്, കേരള സ്വതന്ത്ര മത്സ്യത്തൊഴിലാളി ഫെഡറേഷൻ)
**പി.പി. ജോൺ** (ജനറൽ സെക്രട്ടറി, കേരള സ്വതന്ത്ര മത്സ്യത്തൊഴിലാളി ഫെഡറേഷൻ)
**ആന്റോ ഏലിയാസ്** (കൺവീനർ, സ്വാഗത സംഘം)

# മത്സ്യത്തൊഴിലാളി മുന്നേറ്റം അനിവാര്യം

*ടി.പീറ്റർ*

മത്സ്യത്തൊഴിലാളികളുടെ സംഘശക്തി വിളിച്ചോതുന്ന ദേശീയ സമ്മേളനമാണ് തിരുവനന്തപുരത്ത് ചേരുന്നത്. 9 തീരദേശ സംസ്ഥാനങ്ങളിലും പോണ്ടിച്ചേരിയിലും ആന്തമാൻ നിക്കോബാർ, ലക്ഷദ്വീപ് എന്നിവിടങ്ങളിലും രാജ്യത്തിന്റെ ഉൾനാടൻ മത്സ്യബന്ധന മേഖലകളിലും വ്യത്യസ്ഥ ഭാഷകളിലും വ്യത്യസ്ഥ സംസ്കാരത്തിലും വിവധ ജാതി-മതവിഭാഗങ്ങളിലുമായി കഴിയുന്ന മത്സ്യതൊഴിലാളി സമൂഹം നാഷണൽ ഫിഷ്‌വർ ക്കേഴ്‌സ് ഫോറത്തിന്റെ കൊടിക്കീഴിൽ അണിനിരന്ന് നിരവധി സമര പോരാട്ടങ്ങൾ നടത്തിയതിന്റെ ഫലമായി വിദേശമീൻ പിടിത്ത കപ്പലുകളെ ഒരു പരിധിവരെ നമ്മുടെ രാജ്യത്ത് നിന്നും തുരത്തുവാൻ കഴിഞ്ഞു. ടൂറിസം-വ്യവസായ ലോബികൾക്ക് നമ്മുടെ തീരക്കടലും തീരവും യഥേഷ്ടം തീറെഴുതാൻ ഉതകുന്ന തീരദേശ പരിപാലന പദ്ധതി കേന്ദ്രസർക്കാർ പ്രഖ്യാപിച്ചപ്പോൾ എൻ.എഫ്.എഫിന്റെ ആഹ്വാന പ്രകാരം രാജ്യവ്യാപകമായി മത്സ്യതൊഴിലാളികൾ പ്രതിഷേധവുമായി രംഗത്തുവന്നു. നിരവധി പോരായ്മകൾ ഉണ്ടെങ്കിലും ഒടുവിൽ തീരദേശ നിയന്ത്രണ വിജ്ഞാപന പുനസ്ഥാപിക്കാൻ കേന്ദ്ര സർക്കാരിനെ പ്രേരിപ്പിച്ച ഘടകവും മത്സ്യതൊഴിലാളികളുടെ സംഘടിതമായ മുന്നേറ്റം തന്നെയാണ്. തീരത്തു നിന്നും 100 മീറ്റർ കഴിഞ്ഞാണെങ്കിലും ഭവനം നിർമ്മിക്കാനുള്ള അവകാശം മത്സ്യതൊഴിലാളി സമൂഹത്തിന് ലഭിച്ചതും മത്സ്യതൊഴിലാളി പ്രസ്ഥാനത്തിന്റെ നേട്ടമാണ്.

കടലും കടലോരവും ജലാശയവും മത്സ്യതൊഴിലാളി സമൂഹത്തിന് അന്യമാകുംവിധമുള്ള നയസമീപനമാണ് കേന്ദ്ര-

സംസ്ഥാന സർക്കാരുകൾ അനുദിനം കൈക്കൊണ്ടുവരുന്നത്. ഗുജറാത്തിലെ തീരദേശമാകെ സ്വകാര്യ കമ്പനികളും സ്വകാര്യ തുറമുഖ ലോബികളും കയ്യടക്കിവരുന്നു. മത്സ്യതൊഴിലാളികളുടെ സഞ്ചാര സ്വാതന്ത്ര്യം പോലും അവിടെ നിഷേധിക്കപ്പെടുകയാണ്. വിദേശ രാജ്യങ്ങളിലെ ഉപയോഗശൂന്യമായ കപ്പലുകൾ പൊളിക്കാൻ ഗുജറാത്തിലെ തീരമാണ് നമ്മുടെ ഭരണകർത്താക്കൾ തരപ്പെടുത്തി കൊടുത്തിരിക്കുന്നത്. ന്യൂഡൽഹിയിലിരുന്നു തീരുമാനമെടുക്കുന്നവർ തീരത്തിന്റെ ദുരവസ്ഥ കാണുന്നുമില്ല. മഹാരാഷ്ട്ര സർക്കാർ കടലിലെ പ്രകൃതി വാതക കിണറുകൾക്ക് അഞ്ച് കിലോമീറ്റർ ചുറ്റളവിൽ മത്സ്യബന്ധനം അസാദ്ധ്യമാക്കിയിരിക്കുന്നു. മഹാരാഷ്ട്രയിലെ ജയ്ത്താപ്പൂർ തമിഴ്നാട്ടിലെ കൂടംകുളം, പശ്ചിമബംഗാളിലെ ഹരിപ്പൂർ തുടങ്ങിയ നിരവധി തീരപ്രദേശങ്ങളിൽ ആണവ നിലയങ്ങൾ സ്ഥാപിക്കാനാണ് ഡൽഹി ഭരണകൂടം ശ്രമിക്കുന്നത്. തീരത്തുനിന്നും എത്രയോ അകലെയിരുന്നാണ് അവർ തീരുമാനമെടുക്കുന്നത്. ഏതെങ്കിലും തരത്തിൽ ഒരു ആണവ ദുരന്തമുണ്ടായാൽ അതു തീരവാസികൾ സഹിച്ചുകൊള്ളണമെന്ന സമീപനമാണ് കേന്ദ്രസർക്കാർ കൈക്കൊള്ളുന്നത്. ഇതിന് കൂട്ടുനിൽക്കുന്ന മുഖ്യധാരാ രാഷ്ട്രീയ കക്ഷികൾ ഒന്നു ഓർക്കുക. കൂടംകുളത്ത് ഒരു ആണവ ചോർച്ചയുണ്ടായാൽ 70 കിലോ മീറ്റർ മാത്രം അകലത്തിൽ സ്ഥിതിചെയ്യുന്ന സെക്രട്ടറിയേറ്റിന്റെയും ഏ.കെ.ജി. സെന്ററിന്റെയും ഇന്ദിരാഭവന്റെയും അകത്തളങ്ങളിൽ കഴിയുന്ന വരെ മാത്രമല്ല പത്തനംതിട്ടവരെയുള്ള ജനസമൂഹത്തെ ദോഷകരമായി ബാധിക്കുമെന്ന വസ്തുത മുഖ്യധാരാ രാഷ്ട്രീയ കക്ഷികൾ തിരിച്ചറിയണം.

ഗോവയുടെ തീരമാകെ ടൂറിസ്റ്റ് ലോബികളുടെ നിയന്ത്രണണത്തിലായി കഴിഞ്ഞു. മീൻ പിടിത്തക്കാർക്ക് യഥേഷ്ടം മത്സ്യബന്ധനത്തിന് പോകാൻ കഴിയാത്ത സാഹചര്യമാണ് അവിടെ സംജാതമായിരിക്കുന്നത്. കർണാടകത്തിൽ തീരവും തീരകടലും തദ്ദേശവാസികൾക്ക് പണിയെടുക്കാൻ കഴിയാത്തവിധം അന്യാധീനമായി കൊണ്ടിരിക്കുന്നു. തമിഴ്നാട്ടിൽ സേതുസമുദ്രം പ്രോജക്ടിന്റെ പേരിലും തൂത്തുക്കുടി, രാമേശ്വരം മേഖലകളിൽ പവിഴപാരുകളുടെ സംരക്ഷണത്തിന്റെ പേരിലും ആയിരക്കണക്കായ മത്സ്യതൊഴിലാളികൾക്ക് അവരുടെ മീൻപിടുത്താവകാശം നിഷേധിക്കപ്പെട്ടിരിക്കുകയാണ്. ആഴക്കടൽ മത്സ്യബന്ധനത്തിന് പോയാൽതന്നെ ശ്രീലങ്കൻ സേനയുടെ പരാക്രമണവും മത്സ്യതൊഴിലാളികൾ നേരിടേണ്ടിവരുന്നു. ആന്ധ്രാപ്രദേശിലെ തീരവും ഇതിൽ നിന്നൊക്കെ വ്യത്യസ്തമല്ല. ടൂറിസം - വ്യവസായ ലോബികളും വിദേശ 'കപ്പൽപൊളി' ലോബികളും തീരമാകെ കൈക്കലാക്കിവരുന്നു. ഒറീസയിൽ 'കടലാമ'യുടെ സംരക്ഷണത്തിന്റെ പേരുംപറഞ്ഞാണ് രണ്ട് ജില്ലയിലെ മുഴുവൻ മത്സ്യതൊഴിലാളികളെയും പട്ടിണിക്കിട്ടുകൊണ്ടുള്ള മത്സ്യബന്ധന നിരോധനം ഏർപ്പെടുത്തിയിരിക്കുന്നത്. പശ്ചിമബംഗാളിലെ ജംബോ ദ്വീപിൽ മത്സ്യബന്ധനം നടത്തിവന്ന പന്ത്രണ്ടായിരത്തിലേറെവരുന്ന മീൻപിടിത്തക്കാരെ കേന്ദ്ര വനം-പരിസ്ഥിതി വകുപ്പ് അവിടെനിന്നും ആട്ടിപ്പായിക്കുകയും ആ പ്രദേശമിപ്പോൾ സഹാറാകമ്പിനിയുടെ പാട്ട ഭൂമിയാക്കി മാറ്റുകയും ചെയ്തു. സുന്ദർബൻ മേഖലയിലെ ഉൾനാടൻ മത്സ്യതൊഴിലാളികൾക്കും നിരോധനമേർപ്പെടുത്തിക്കഴിഞ്ഞു. ഓരോ സംസ്ഥാനത്തെയും ഒന്നോരണ്ടോ ഉദാഹരണങ്ങൾ മാത്രമാണ് ഇവിടെ പരാമർശിച്ചിട്ടുള്ളത്. അനേകായിരം മത്സ്യതൊഴിലാളികളെ തൊഴിൽ മേഖലയിൽ നിന്നും ആട്ടിപ്പായിക്കുന്ന നിരവധി ഉദാഹരണങ്ങൾ രാജ്യത്തുടനീളമുണ്ട്. ഇതിന് പുറമെയാണ് തീരക്കടലും കടലോരവും ലക്ഷ്യമാക്കികൊണ്ട് 'പ്രത്യേക സാമ്പത്തിക മേഖല', 'കടൽ സംരക്ഷിത മേഖല', 'പ്രത്യേക ടൂറിസം മേഖല', 'പ്രത്യേക മത്സ്യബന്ധന മേഖല' എന്നിങ്ങനെ വേർതിരിച്ചുള്ള പദ്ധതികളുമായി കേന്ദ്രസർക്കാർ മുന്നോട്ടു വന്നിരിക്കുന്നത്. ഇതിന് ലേകബാങ്കിന്റെയും ഏ.ഡി.ബിയുടെയുമൊക്കെ സാമ്പത്തിക സഹായം സർക്കാരിന് ലഭിക്കുന്നുണ്ട്. മത്സ്യതൊഴിലാളി സമൂഹത്തിന് യാതൊരു പ്രയോജനവും ഇല്ലെന്ന് മാത്രമല്ല, ഈ പദ്ധതികളുടെ പരിണിത ഫലമായുള്ള കഷ്ടനഷ്ടങ്ങൾ സഹിക്കേണ്ടിവരുന്നതും മത്സ്യതൊഴിലാളി സമൂഹമാണ്.

ടൂറിസ്റ്റ് ലോബികളും മണൽ ഖനന ലോബികളും കേരളത്തിലെ തീരമാകെ കയ്യടക്കിവരുന്നു. ഉൾനാടൻ ജലമേഖല ഹൗസ്ബോട്ടുകളുടെ താവളമായും, വ്യവസായശാലകളുടെ മാലിന്യനിക്ഷേപ ഇടമായും മാറിക്കഴിഞ്ഞു. അവിടെ മത്സ്യബന്ധനം നഷ്ടപ്പെട്ട തൊഴിലാളികൾ പട്ടിണിയിലുമാണ്. സർവ്വവിധ മാലിന്യങ്ങളും കടലിൽ തള്ളാനുള്ള പദ്ധതികളാണ് ആസൂത്രണം ചെയ്തുവരുന്നത്. ഈ നീക്കത്തെ ചെറുത്തെങ്കിൽ മാത്രമെ മത്സ്യതൊഴിലാളി സമൂഹത്തിന് നിലനിൽപുള്ളു. കടലിൽ പ്രകൃതിവാതക പൈപ്പ്ലൈൻ സ്ഥാപിക്കുന്നതിനെതിരെ എറണാകുളം, ആലപ്പുഴ ജില്ലകളിലെ മത്സ്യതൊഴിലാളികൾ സമരപോരാട്ടത്തിലാണ്. ഈ പ്രതിസന്ധികൾക്കിടയിലാണ് കടലിൽ നിന്നും മണൽ ഖനനം ചെയ്യാനുള്ള നീക്കവുമായി മന്ത്രി കെ.എം. മാണി രംഗപ്രവേശം ചെയ്തിരിക്കുന്നത്.

ഈ പശ്ചാത്തലത്തിലാണ് 'കടലും കടലോരവും ജലാശയവും മത്സ്യസമ്പത്തും സംരക്ഷിക്കുക' എന്ന മുദ്രാവാക്യമുയർത്തികൊണ്ട് നാഷണൽ ഫിഷ്വർക്കേഴ്സ് ഫോറം ദേശീയസമ്മേളനം തിരുവനന്തപുരത്ത് ചേരുന്നത്.

കേന്ദ്രത്തിൽ ഒരു ഫിഷറീസ് മന്ത്രാലയത്തിന് രൂപം നൽകണമെന്നും മത്സ്യബന്ധനത്തിന് ആവശ്യമായ മണ്ണെണ്ണ ന്യായ വിലയ്ക്ക് വിതരണം ചെയ്യണമെന്നും വിദേശ മീൻപിടിത്ത കപ്പലുകളുടെ മുഴുവൻ ലൈസൻസും റദ്ദാക്കണമെന്നും ഇന്ത്യയിലെ പരമ്പരാഗത-ചെറുകിട മത്സ്യതൊഴിലാളി സമൂഹം ഒന്നടങ്കം ആവശ്യപ്പെട്ടിട്ടും തക്കതായ നടപടി കൈക്കൊള്ളാൻ നാളിതുവരെ കേന്ദ്ര ഭരണകർത്താക്കൾക്ക് കഴിഞ്ഞിട്ടില്ല. മത്സ്യതൊഴിലാളി സമൂഹത്തിന്റെ സംഘടിതമായ മുന്നേറ്റത്തിലൂടെ മാത്രമേ ഈ ജനതയ്ക്ക് ന്യായമായ അവകാശങ്ങൾ നേടിയെടുക്കാൻ കഴിയുകയുള്ളു.

മത്സ്യതൊഴിലാളുകളുടെ സംഘശക്തി വിളിച്ചോതുന്ന ഈ ദേശീയ സമ്മേളനം വിജയിപ്പിക്കുവാൻ എല്ലാ വിഭാഗം ജനങ്ങളുടെയും സഹായ സഹകരണങ്ങൾ അഭ്യർത്ഥിച്ചുകൊള്ളുന്നു. ദേശീയ സമ്മേളനത്തിന്റെ ചെലവിലേക്ക് ഉദാരമായി സംഭാവന നൽകി സഹായിക്കണമെന്നുകൂടി അഭ്യർത്ഥിക്കുന്നു.

## മീൻപിടിക്കുന്നോന്റെ മാനാട്

*സേവ്യർകുലാസ്*
*മര്യനാട്*

മീൻപിടിക്കുന്നോന്റെ
മാനാട് ചേരുന്നു
മാലോകരെല്ലാ-
മുണർന്നീടുവിൻ
കടലും കടലോരവും
കൊള്ളയടിക്കുന്ന കൂട്ടരെ
കർക്കശമായ് തുരത്തീടുവാൻ
ആയുധം തേച്ചുമിനുക്കുന്നമട്ടിലായ്
ആശയം ചർച്ച സജീവമാക്കാം

മീൻ പിടിക്കുന്നോന്റെ
മാനാട് ചേരുന്നു
മാലോകരെല്ലാ-
മുണർന്നീടുവിൻ
അനന്തപുരിയെ പ്രകമ്പനം
കൊള്ളിച്ചുനീങ്ങീടാം
പുതിയ പോരാട്ടത്തി
നൊരുങ്ങീടുവാൻ

നീലക്കൊടിയേന്തി
എൻ.എഫ്.എഫിൻ കീഴിലായ്
മത്താനി സൽദാനതൻ
വിളികേൾക്കാനായ്
മീൻപിടിക്കുന്നോന്റെ
മാനാട് ചേരുന്നു
മാലോകരെല്ലാ-
മുണർന്നീടുവിൻ!

Printed and Published for Thiruvananthapuram District Fishermen's Union (Reg. No. 93/80) at Caxton Press, Vettucaud, Thiruvananthapuram, Ph: 2500685
Editor : T. Peter, Phone : 0471-6541985, Mobile : 9447429243, E-mail: admin@alakal.net, peter.ksmtf@gmail.com